# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 927** — 10.06.2019-ൽ മറുപടിയ്ക്ക്.

## പാലിന്റെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എൽദോ എബ്രഹാം** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വിൽപ്പന നടത്തുന്ന കവർ പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനത്തും പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ ലാബുകൾ മുഖേന വിപണിയിൽ ലഭ്യമായ പാൽ സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് നിലവിൽ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നീ അതിർത്തി ചെക്ക് പോസ്റ്റുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, തിരുവനന്തപുരത്ത് എൻ.എ.ബി.എൽ അക്രഡിറ്റേഷനോട്ടുകൂടിയ ലാബും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, കാസർഗോഡ്, കോട്ടയം എന്നിവിടങ്ങളിലുള്ള റീജ്യണൽ ലാബുകളിൽ പാൽ, പാലുല്പന്നങ്ങൾ എന്നിവ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി-യിട്ടുണ്ട്.<br>ഇതിനു പുറമേ, ഭക്ഷ്യസുരക്ഷാവകുപ്പിനു കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലറ്റിക്കൽ ലാബുകളിലും മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളിലും പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. |
| (ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഏതെങ്കിലും കമ്പനികളുടെ കവർപാൽ ഗുണനിലവാരം ഇല്ലാതെ വിതരണം നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്നും അതിന്മേൽ സ്വീകരിച്ച തുടർനടപടികളും വിശദമാക്കാമോ; | (ബി) ഗുണനിലവാരം കുറഞ്ഞ കവർ പാലുകൾ സംസ്ഥാനത്ത് വിപണനം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്.<br>ഭക്ഷ്യ സുരക്ഷാ വകുപ്പ് സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മാർക്കറ്റിൽ ലഭ്യമായ പാലുകളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തിയതിൽ ശ്രീലക്ഷ്മി ബ്രാൻഡ്, കൊല്ലം "Unsafe" ആയും, നാടൻ നറുംപാൽ - അന്നം ഏജൻസീസ് തൃശ്ശൂർ, ID Milk, Indira Dairy, Thiruvananthapuram എന്നീ ബ്രാൻഡുകൾ "Substandard" ആയും പരിശോധന ഫലം ലഭിച്ചു. ശ്രീലക്ഷ്മി ബ്രാൻഡിനെതിരെ പ്രോസിക്യൂഷൻ നടപടികൾ തുടർന്നുവരുന്നു. നാടൻ നറുംപാൽ, ID Milk എന്നിവയ്ക്കെതിരെ അഡ്ജുഡിക്കേഷനും ഫയൽ |

ചെയ്തിട്ടുണ്ട്.

2019 മാർച്ച് മാസത്തിൽ ക്ഷീരവികസന വകുപ്പ് വിവിധ ജില്ലകളിൽ പരിശോധിച്ച താഴെ പറയുന്ന പാൽ സാമ്പിളുകളിൽ കൊഴുപ്പ്(Fat), കൊഴുപ്പിതര ഖരപദാർത്ഥങ്ങൾ (SNF) എന്നിവയിൽ കുറവുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

മലനാട് ടോൺഡ് മിൽക്ക്, A one ടോൺഡ് മിൽക്ക്, മലബാർ ഡബിൾ ടോൺഡ് മിൽക്ക്, NMD ടോൺഡ് മിൽക്ക്, സുഗുണ ഡബിൾ ടോൺഡ് മിൽക്ക്, അരോമ ഡബിൾ ടോൺഡ് മിൽക്ക്, വാഗമൺ ഡബിൾ ടോൺഡ് മിൽക്ക്, തനിമ ടോൺഡ് മിൽക്ക്, പശുധ ടോൺഡ് മിൽക്ക്, അമൃത ഡബിൾ ടോൺഡ് മിൽക്ക്. ഇതു സംബന്ധിച്ച് ജില്ലകളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥർ ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് നൽകുന്നുണ്ട്.

(സി) ഗുണനിലവാരം കുറഞ്ഞ പാലിന്റെ വിതരണം തടയുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

(സി) സംസ്ഥാനത്തൊട്ടാകെ മാർക്കറ്റിൽ ലഭ്യമായ പാലിന്റെ സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ഓണം, റംസാൻ, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ആഘോഷവേളകളിലും ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം തുടങ്ങിയ ഉത്സവ സീസണുകളിലും പ്രത്യേക ഭക്ഷ്യസുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നു. ഉത്സവ വേളകളിൽ ക്ഷീരവികസന വകുപ്പും ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റും സംയുക്തമായി ചെക്ക് പോസ്റ്റുകളിൽ പരിശോധന നടത്തുന്നുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളും ചെക്ക് പോസ്റ്റുകളിൽ പരിശോധന നടത്തുന്നുണ്ട്.

പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ / പ്രോസിക്യൂഷൻ / അഡ്ജുഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**